**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1527** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി സംവരണം സംബന്ധിച്ച കോടതി വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ എന്തൊക്കെ അടിയന്തര നടപടി സ്വീകരിക്കണം എന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | 07.02.1996 മുതൽ 18.04.2017 വരെ മൂന്ന് ശതമാനവും, 19.04.2017 മുതൽ നാല് ശതമാനവും നിയമനങ്ങൾ ഭിന്നശേഷി വിഭാഗത്തിനായി മാറ്റി വയ്ക്കുന്ന തരത്തിൽ റോസ്റ്റർ തയാറാക്കി അധികാരപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുൻപാകെ അംഗീകാരത്തിനായി സമർപ്പിക്കുവാനും, അത്തരത്തിൽ തയാറാക്കിയ റോസ്റ്ററിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം ഉദ്യോഗാർത്ഥികളെ വിട്ടു നൽകാൻ എംപ്ലോയ്മെന്റ് ഓഫീസർക്ക് കത്ത് നൽകുവാനും, ലഭ്യമാകുന്ന ഉദ്യോഗാർത്ഥികളെ നിയമിച്ച് അംഗീകരിക്കുന്ന മുറയ്ക്ക്, നിലവിൽ വ്യവസ്ഥാപിത ഒഴിവിൽ നിയമിക്കപ്പെട്ട, അംഗീകാരം ലഭ്യമാകാത്ത ജീവനക്കാരുടെ നിയമനം അംഗീകരിക്കാവുന്നതാണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഏത് സമയപരിധിക്കുള്ളിലാണ് പ്രസ്തുത നടപടികൾ സ്വീകരിക്കേണ്ടതെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന മാനേജ്മെന്റുകൾക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കുമെന്നും അറിയിക്കുമോ? | (ബി) | റോസ്റ്റർ തയാറാക്കി സമന്വയ മുഖാന്തിരം സമർപ്പിക്കാൻ 10.12.2022 വരെ സമയപരിധി അനുവദിച്ചിട്ടുണ്ട്. മാനേജർമാർ അവരുടെ കീഴിൽ വരുന്ന നിയമനങ്ങളുടെ റോസ്റ്റർ തയാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക്, അത് പരിശോധിച്ച് അധികാരപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ അംഗീകാരം നൽകുന്നതാണ്. വീഴ്ച വരുത്തുന്ന മാനേജ്മെന്റുകളിൽ ഭിന്നശേഷി സംവരണം പാലിക്കാതെ നടത്തുന്ന നിയമനങ്ങൾ അംഗീകരിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ